# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5983      19/11/2019-ൽ മറുപടിക്ക്

**പൂയംകുട്ടി പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി. നിർമ്മിച്ചിരിക്കുന്ന കെട്ടിടം**

| | ചോദ്യം<br><br>**ശ്രീ.ആന്റണി ജോൺ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പൂയംകുട്ടി പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി. കെട്ടിടം നിർമ്മിച്ചിരിക്കുന്നത് കുട്ടമ്പുഴ ഗവ:ഹയർ സെക്കണ്ടറി സ്കൂളിന്റെ സ്ഥലത്താണെന്ന് കാണിച്ച് സ്കൂൾ പി.ടി.എ. നൽകിയിട്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1980-ൽ പൂയംകുട്ടി പദ്ധതിക്കുവേണ്ടി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് 2 ഹെക്ടർ സ്ഥലം വനംവകുപ്പിൽ നിന്നും പാട്ടത്തിന് എടുത്തിട്ടുള്ളതാണ്. അന്ന് പണികഴിപ്പിച്ച കെട്ടിടങ്ങൾ ആണ് നിലവിലുള്ളത്. സ്കൂൾ പി.ടി.എ ഇതിന്മേൽ അവകാശവാദം ഉന്നയിക്കുന്നത് കഴിഞ്ഞ വർഷം മാത്രമാണ്. |
| (ബി) | ഇതു സംബന്ധിച്ച് താലൂക്ക് സർവ്വേയർ, തഹസീൽദാർ, സ്ഥലം എം.എൽ.എ., കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ അടക്കമുള്ളവർ സ്ഥലം സന്ദർശിക്കുകയും താലൂക്ക് സർവ്വേയർ സ്ഥലം അളന്ന് തിട്ടപ്പെടുത്തുകയും ചെയ്തു ശേഷം സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ? | (ബി) | ടി ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഹൈക്കോടതിയിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡും റവന്യൂ വകുപ്പും തമ്മിൽ കേസ് (WP(C)No.5941/2016 (P)) നിലവിൽ ഉള്ളതിനാൽ സ്ഥലം അളന്നു തിട്ടപ്പെടുത്തിയതിന്റെ രേഖകൾ റവന്യൂ വകുപ്പ് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് കൈമാറിയിട്ടില്ല. |

സെക്ഷൻ ഓഫീസർ